No. of Printed Pages : 3

6000087

**3312**

*Register Number* | | | | | |

# Language – Part I – MALAYALAM – Paper II

## (Prose, Non-detailed, Composition, Translation and Language Skill)

Time : 3 Hours ]　　　　　　　　　　　　[ Maximum Marks : 80

**കുറിപ്പ് :** (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനുവേണ്ടി ചോദ്യപേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പമുണ്ടെങ്കിൽ ഉടൻ തന്നെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുന്നതിന് കറുപ്പോ നീലയോ മഷി ഉപയോഗിക്കുക.

I. **ആറെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും പത്ത് വരിയിൽ കവിയരുത്.** 6x4=24

1. ഒരാളല്ല ഒരു ജനതയാണ് യഥാർത്ഥത്തിൽ പുസ്തകം രചിക്കുന്നതെന്നു പറയാൻ കാരണമെന്ത് ?

2. ഋഷിദാസിയെന്ന തേരിയുടെ കഥ എന്തായിരുന്നു ?

3. ടാഗോറിന്റെ അദ്വൈതദർശനത്തെക്കുറിച്ചും ആർഷസംസ്കാരത്തെപ്പറ്റിയും കാളിദാസന്റെ അഭിപ്രായമെന്ത് ?

4. വലിയ വീട്ടിൽ താമസിച്ചുള്ള ദുർഭിക്ഷതയെക്കാൾ ഉത്തമമായത് ചെറിയ വീട്ടിൽ താമസിച്ചുള്ള സുഭിക്ഷതയാണെന്ന് ലേഖകൻ വിശ്വസിക്കാനുള്ള കാരണം എന്തായിരുന്നു ?

5. ഭൂമിയുടെ ദാഹം തീർക്കാനെത്തുന്ന മഴത്തുള്ളികളുടെ ഉദ്ഭവമെങ്ങനെ ?

6. സിനിമ സമഗ്രമായ ഒരു കലയാണെന്ന് പറയുന്നത് എന്തുകൊണ്ട് ?

7. സബർമതിയും നവഖലിയുമെന്തെന്ന് വ്യക്തമാക്കുക.

8. തഞ്ചാവൂരിൽ വളരെ കാലേക്കൂട്ടിത്തന്നെ ജനങ്ങൾ കൂട്ടമായി താമസിക്കാനിടയായതിനെ കുറിച്ച് ലേഖകന്റെ അഭിപ്രായമെന്ത് ?

9. ഉപ്പ്സത്യാഗ്രഹത്തിൽ കേരളം നിറവേറ്റിയ പങ്ക് വ്യക്തമാക്കുക.

10. 'ഇന്ദുലേഖാ' കർത്താവിൽ നിന്നാണ് ഭാഷാസാഹിത്യത്തിലെ ആധുനികഘട്ടം ആരംഭിക്കുന്നതെന്ന് ലേഖകൻ പറയുന്നതിന്റെ അടിസ്ഥാനമെന്ത് ?

[ Turn over

**II. രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും ഇരുപത് വരിയിൽ കവിയരുത്.** **2x6=12**

11. പഴയ തമിഴ്സാഹിത്യത്തിലെ കവയിത്രികൾ വിരക്തിയുടെയും അലൗകികതയുടെയും മാർഗ്ഗമല്ല കൈക്കൊണ്ടത് . അവർ ലൗകികജീവിത കഥാഗായികകളാണ് --- വ്യക്തമാക്കുക.

12. കെട്ടിട പ്രതാപം കാണിക്കൽ നമ്മുടെ ഇടത്തരക്കാരുടെയും സമ്പന്നരുടെയും ശാപമായിത്തീർന്നിരിക്കുന്നു എന്ന് പറയാൻ കാരണമെന്ത് ?

13. കാളിദാസന്റെ സാഹിത്യപ്രപഞ്ചത്തിൽ എന്തെല്ലാമാണ് ടാഗോർ കണ്ടത് ?

14. വായനയുടെ ലോകത്തിലാണ് ഇന്ന് ഏറ്റവുമധികം ഭക്ഷ്യവിഷബാധ നടമാടുന്നതെന്ന് ലേഖകൻ പറയാൻ കാരണമെന്ത് ?

**III. രണ്ട് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും രണ്ടു പുറത്തിൽ കവിയരുത്.** **2x10=20**

15. 'ഉത്കണ്ഠയുടെ നിമിഷങ്ങൾ' എന്ന കഥ സംഗ്രഹിക്കുക.

**അല്ലെങ്കിൽ**

'അദ്വൈതഭാരം' എന്ന കഥയുടെ പ്രമേയമെന്ത് ?

16. 'അറ്റു പോകാത്ത ഒരു കണ്ണി' എന്ന കഥയ്ക്ക് ആസ്വാദനം എഴുതുക.

**അല്ലെങ്കിൽ**

'റ' എന്ന കഥ ചുരുക്കി എഴുതുക.

**IV. 17. ഏതെങ്കിലും ഒന്നിനെക്കുറിച്ച് രണ്ടു പുറത്തിൽ ഉപന്യസിക്കുക.** **1x10=10**

(i) കച്ചവടത്തിൽ പരസ്യത്തിന്റെ സ്ഥാനം.

(ii) നിങ്ങൾ ആര് ആകാൻ ഇഷ്ടപ്പെടുന്നു ? എന്തുകൊണ്ട് ?

(iii) മൊബൈൽ ഫോണിന്റെ ഗുണങ്ങളും-ദോഷങ്ങളും.

**V. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.** 6x1=6

18. What was your father doing when I called you ?

19. I have attended a three-day camp in a village.

20. Yes, tell me please. What can I do for you ?

21. Children below the age of 16 should be banned from using mobile phones.

22. Games should be made compulsory for all school students.

23. Have you informed the class about the examination ?

**VI. രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും അരപ്പുറത്തിൽ കവിയരുത്.** 2x4=8

24. ഇരുചക്രവാഹനങ്ങളിൽ സഞ്ചരിക്കുന്നവർ 'ഹെൽമെറ്റ്' 'ഉപയോഗിക്കണമോ' 'വേണ്ടയോ' - എന്ന വിഷയത്തിൽ ഒരു മലയാളപത്രത്തിലെ വായനക്കാരുടെ പംക്തിയിൽ പ്രസിദ്ധീകരിക്കാൻ നിങ്ങളുടെ അഭിപ്രായം തയ്യാറാക്കുക.

25. നിങ്ങളുടെ സുഹൃത്ത് തയ്യാറാക്കിയ ഒരു അലക്ക് സോപ്പിന്റെ പ്രചാരത്തിനായി 4 പരസ്യ വാക്യങ്ങൾ തയ്യാറാക്കുക.

26. സംഗീതത്തിന് അവാർഡ് കിട്ടിയ ഒരു ഗായകനെ പ്രശംസിച്ചുകൊണ്ട് ഒരു കത്തെഴുതുക.

27. നിങ്ങളുടെ സ്ക്കൂളിലെ വാർഷികാഘോഷത്തോട് അനുബന്ധിച്ചു നടക്കുന്ന ചടങ്ങിലേക്കു വേണ്ടി ഒരു സ്വാഗത പ്രസംഗം തയ്യാറാക്കുക.

-o0o-